# ദത്തെടുത്ത പഞ്ചായത്തിൽ പോഷകാഹാരത്തോട്ടം ഒരുക്കി കെവികെ

മനോരമ ലേഖകൻ
DECEMBER 22, 2020 12:28 PM IST

കൃഷി വിജ്ഞാന കേന്ദ്രം ദത്തെടുത്ത കോട്ടൂർ പഞ്ചായത്തിൽ പോഷകാഹാരത്തോട്ടം ഒരുക്കുന്നു. ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ അനുബന്ധ സ്ഥാപനമായ കൃഷി വിജ്ഞാനകേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് പഞ്ചായത്തിൽ പോഷകാഹാരം ഉറപ്പാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചത്. പെരുവണ്ണാമുഴി കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

ഒരു വർഷം നീണ്ടുനിൽക്കുന്ന പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 25 കുടുംബങ്ങൾക്ക് പച്ചക്കറി വിത്തുവിതരണവും പരിശീലന പരിപാടികളും നടത്തി. മുതുകാട്, നടുവണ്ണൂർ പഞ്ചായത്തുകളും പദ്ധതിയുടെ ഭാഗമാണ്.

പദ്ധതി ഗുണഭോക്താക്കൾക്ക് ഒരു വർഷത്തേക്ക് പ്രാദേശികമായി ലഭ്യമായ തദ്ദേശീയ വിത്തുകളാണ് വിതരണം നടത്തുന്നത്. പച്ചക്കറി കൃഷി, ജൈവകൃഷി, മണ്ണിര കമ്പോസ്റ്റിങ് തുടങ്ങിയവയിൽ കുടുംബങ്ങൾക്ക് കെവികെ അധികൃതർ നിരവധി പരിശീലന പരിപാടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. പദ്ധതിയുപയോക്താക്കളായ കുടുംബങ്ങൾക്ക് വിത്തുകൾക്കൊപ്പം കമ്പോസ്റ്റ് യൂണിറ്റും നൽകുന്നുണ്ട്.  അടുക്കളയിലെ മാലിന്യങ്ങളിൽ നിന്ന് ആവശ്യാനുസരണം വളം ഉൽപാദിപ്പിക്കാൻ കഴിയും. സംയോജിത കാർഷിക മാതൃയായതിനാൽ പച്ചക്കറികളോടൊപ്പം കോഴി, ആട് എന്നിവയും വളർത്തും.

*‘ഭക്ഷ്യ സുരക്ഷയുടെ സുസ്ഥിര മാതൃകകളാണ് പോഷകാഹാരത്തോട്ടങ്ങൾ. മേഖലയിലെ കുട്ടികൾക്കും കൗമാരക്കാർക്കും ഗർഭിണികൾക്കും പോഷകാഹാരം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ മൂന്ന് അങ്കണവാടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.’* ഡോ. സന്തോഷ്. ജെ. ഈപ്പൻ, ഡയറക്ടർ, ഭാരതീയ സുഗന്ധവിള ഗവേഷണകേന്ദ്രം

കൃഷിക്ക് ആവശ്യമായ സേവനങ്ങൾക്കായി ഇവിടെ ക്ലിക് ചെയ്യാം www.quickerala.com

Advertisement

TAGS: Vegetables | Vegetable Garden | Home Garden | Vegetables | Food




തൽസമയ വാർത്തകൾക്ക് മലയാള മനോരമ മൊബൈൽ ആപ് ഡൗൺലോഡ് ചെയ്യൂ

## MORE IN AGRI NEWS















സംസ്ഥാനത്ത് രണ്ടു ജില്ലകളിൽ

തൊടുപുഴ കാർഷിക മേള നാലിന്

നെൽകൃഷിയിൽ പുതിയ



പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിന് ആനുകൂല്യം



കാലിത്തീറ്റയ്ക്ക് 70 രൂപ സബ്സിഡി പ്രഖ്യാപിച്ച് മിൽമ



ദത്തെടുത്ത പഞ്ചായത്തിൽ പോഷകാഹാരത്തോട്ടം ഒരുക്കി കെവികെ

SHOW MORE

ഇവിടെ പോസ്റ്റു ചെയ്യുന്ന അഭിപ്രായങ്ങൾ മലയാള മനോരമയുടേതല്ല. അഭിപ്രായങ്ങളുടെ പൂർണ ഉത്തരവാദിത്തം രചയിതാവിനായിരിക്കും. കേന്ദ്ര സർക്കാരിന്റെ ഐടി നയപ്രകാരം വ്യക്തി, സമുദായം, മതം, രാജ്യം എന്നിവയ്ക്കെതിരായി അധിക്ഷേപങ്ങളും അശ്ലീല പദപ്രയോഗങ്ങളും നടത്തുന്നത് ശിക്ഷാർഹമായ കുറ്റമാണ്. ഇത്തരം അഭിപ്രായ പ്രകടനത്തിന് നിയമനടപടി കൈക്കൊള്ളുന്നതാണ്.

Advertisement

**വിവാദ വസ്തുവിന്റെ ഉടമ വസന്തയും കൊച്ചു മകനും; വില്ലേജ് ഓഫിസിൽ നിന്ന് പുതിയ വിവരാവകാശ രേഖ**

ManoramaOnline

**ആര്യ ആദ്യമായി കാത്തു നിന്നു, ലവൽക്രോസ് തുറക്കും വരെ**

ManoramaOnline